# പകുതിനോമ്പിന്റെ
# ശുശ്രൂഷ ക്രമം
## വലിയ നോമ്പിലെ 25-ാം ദിവസം
(An Arder of worship for Mid-Lent)

### കൌമ്മാ

പ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

### പ്രാർത്ഥന

പ: ദീർഘദർശിമാരുടെ തലവനായ മോശെയാൽ മരുഭൂമിയിൽ വെച്ചു യിസ്രായേലിന്റെ പാളയത്തിന്റെ മദ്ധ്യേ പിച്ചളസർപ്പത്തെ ഉയർത്തി തന്റെ ക്രൂശുമരത്തിന്റെ സ്ലീബായെ ദൃഷ്ടാന്തപ്പെടുത്തിയവനായ ഞങ്ങളുടെ ദൈവമായ മശിഹാതമ്പുരാനേ, വിശുദ്ധ സഭയിലെ പ്രജകളുടെ കാവലിനും, സംവത്സരം മുഴുവന്റെയും അനുഗ്രഹത്തിനും, ഫലമൂലാദികളുടെ വാഴ്വിനും, സകല ഉപദ്രവങ്ങളിൽ നിന്നും നാശങ്ങളിൽ നിന്നുമുള്ള വിടുതലിനും, ക്രോധത്തിന്റെയും കഠിനശിക്ഷകളുടെയും നീക്കുപോക്കിനും,

ഞങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കുമായി ആഘോഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സ്ലീബായെയും ക്രൂശാരോഹണത്തെയും ഓർത്തുകൊണ്ടു ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുന്നു.

ജ: നിന്നാൽ ഞങ്ങൾ ഞങ്ങളുടെ ശത്രുക്കളെ ഛേദിച്ചുകളയും. നിന്നെ ദ്വേഷിക്കുന്നവരെ നിന്റെ നാമം നിമിത്തം ഞങ്ങൾ ചവിട്ടിക്കളയും.

പ: പിച്ചള സർപ്പത്തെ സൂക്ഷിച്ചു നോക്കിയ എല്ലാവരും സൌഖ്യപ്പെട്ടു. സ്ലീബായിലേക്കു കണ്ണുകളെ ഉയർത്തുന്ന എല്ലാവരും അവരുടെ സർവ്വനൊമ്പരങ്ങളിൽ നിന്നും സുഖപ്പെടുന്നു.

ശു: ഇതു ഹേതുവായിട്ട് കരുണാ സമ്പന്നനായ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

* (അല്ലെങ്കിൽ ഗീതം)

പ:

സൗഖ്യം പിച്ചള സർപ്പത്തെ
വീക്ഷിച്ചോർക്കുള വായതുപോൽ
സ്ലീബായേ ദർശിക്കുന്നോർ
രോഗോപശമം നേടുന്നു
കരുണാ സാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

(പടിഞ്ഞാറോട്ടു തിരിഞ്ഞുകൊണ്ട്)

പ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

## പ്രാർത്ഥന

പ: ഞങ്ങളുടെ ദൈവമായ മശിഹാതമ്പുരാനെ, ഞങ്ങൾ നിഗളത്തിൽനിന്നും ആത്മപ്രശംസയിൽ നിന്നും വെടിപ്പുള്ളവരായിത്തീർന്നതിന്റെ ശേഷം നിന്റെ വിശുദ്ധ കൂദാശകളുടെ ഓർമ്മയെ നിവർത്തിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ജീവിപ്പിക്കുന്നതായ നിന്റെ സ്ലീബായുടെ ജീവനുള്ള അടയാളം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കണമെ. ഞങ്ങൾ അതിലേക്കു നോക്കുന്നതിനാൽ ഞങ്ങളുടെ വിചാരങ്ങൾ പരിശുദ്ധമാക്കപ്പെടുകയും, തിന്മയും ഭയങ്കരവുമായ സകല ഭിന്നാഭിപ്രായങ്ങളും ഞങ്ങളിൽ നിന്നു ദൂരീകരിക്കപ്പെടുകയും ചെയ്യുമാറാകണമെ. നിന്റെ സ്ലീബായുടെ അടയാളത്താൽ വഞ്ചനയുടെ ആത്മാക്കൾക്ക് പ്രതികൂലമായി ഞങ്ങൾ നിന്നുകൊണ്ടു നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും വന്ദിച്ചു പുകഴ്ത്തുന്നവരായിത്തീരുമാറാകണമെ.

ജ: നിന്റെ അടുക്കലേക്കു നോക്കി നിന്നിൽ ആശ്രയിക്കുന്നവരായ ഞങ്ങളുടെ മുഖങ്ങൾ ലജ്ജിക്കുമാറാകരുതേ.

പ: നോമ്പിന്റെ മദ്ധ്യത്തിൽ ജീവനുള്ള സ്ലീബായുടെ അടയാളം നമുക്ക് സ്ഥാപിച്ചുതന്ന നമ്മുടെ രക്ഷകന്റെ സുവിശേഷവ്യാപാരം എത്ര വിലയേറിയതും വിസ്മയനീയവുമാകുന്നു.

ശു: ആയതിനാൽ കരുണാസമ്പന്നനായ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

*** (അല്ലെങ്കിൽ ഗീതം)***

പ:

നോമ്പിൻ മദ്ധ്യേ ജീവദമാം
സ്ലീബായിൻ വിജയപതാക
നൽകിയ രക്ഷാകരനേ! നി-
ന്നവതാരം വിസ്മയനീയം
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ

(വടക്കോട്ടു തിരിഞ്ഞു കൊണ്ട്)

പ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

## പ്രാർത്ഥന

പ: പൂർവ്വകാലം മുതൽ ദീഘദർശിമാരാൽ കുറിക്കപ്പെടുകയും പാളയമദ്ധ്യത്തിൽ മോശെയാൽ പിച്ചളസർപ്പത്തെ ഉയർത്തിക്കാട്ടുകയും ചെയ്ത ദൈവമായ കർത്താവേ, നീ സ്ലീബായിൽ ഉയർത്തപ്പെട്ട പ്പോൾ നിന്നെ ആരാധിപ്പാനായി സൃഷ്ടികളെ നീ ആകർഷിച്ചു. ഫറവോനെയും അമാലേക്കിനെയും നീ നശിപ്പിച്ചു. ഞങ്ങളുടെ കർത്താവേ, നിന്റെ സ്ലീബായുടെ ശിഖരത്തിൽ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളണമെ. ഹിസ്ക്കീയാവിനു അവന്റെ യാചനയ്ക്കു മറുപടി നല്കുകയും അവന്റെ നൊമ്പര ങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും അവനെ സൌഖ്യമാക്കുകയും ചെയ്തതുപോലെ ബലഹീനരും പാപികളുമായ നിന്റെ ദാസരാകുന്ന ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും നീ കൈക്കൊണ്ടു നിന്റെ ക്രൂശാരോഹണത്താൽ ഞങ്ങളുടെ കുറ്റങ്ങളെയും പാപങ്ങളെയും പരിഹരിച്ചു കൊള്ളുകയും ചെയ്യണമെ.

ജ: ഞങ്ങളെ ദ്വേഷിക്കുന്നവരിൽനിന്നു ഞങ്ങളെ നീ രക്ഷിക്കുകയും ഞങ്ങളുടെ ശത്രുക്കളെ നീ ലജ്ജിപ്പിക്കയും ചെയ്യണമെ.

പ: ബലഹീനമായ നമ്മുടെ വർഗ്ഗം പിശാചിനോട് പോരാടിനില്പാൻ താൻ നമുക്ക് ശക്തി തരികയും നോമ്പിനോടു കൂടെ ജീവനുള്ള സ്ലീബായെ നമ്മുടെ ശക്തിവർദ്ധനവിനായി നല്കുകയും ചെയ്തു.

ശു: ആയതിനാൽ, കരുണാസമ്പന്നനായ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

*** (അല്ലെങ്കിൽ ഗീതം)**

പ: ദുഷ്ടാത്മാവോടടരാടാൻ
ശക്തിനരർക്കില്ലാത്തതിനാൽ
നോമ്പും ജീവസ്ലീബായും
നാഥൻ നമ്മൾക്കായ് നൽകി
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ

(തെക്കോട്ടു തിരിഞ്ഞു കൊണ്ട്)

പ: പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

## പ്രാർത്ഥന

പ: പിച്ചളസർപ്പത്താൽ ദൃഷ്ടാന്തരീകരിക്കപ്പെട്ട ദൈവമായ മശിഹാതമ്പുരാനേ, പാപമാകുന്ന മാരകവിഷത്തെ ഞങ്ങളിൽനിന്നു നീക്കികളയുകയും, സാത്താനാകുന്ന സർപ്പത്തിന്റെ വിഷപ്പല്ലുകളിൽ നിന്നു ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും വീണ്ടുകൊള്ളുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിച്ചള സർപ്പത്തിൽ സൂക്ഷിച്ചു നോക്കിയവർ സൌഖ്യമാക്കപ്പെട്ടതു പോലെ ഞങ്ങൾ നിന്നിലും നിന്റെ സ്ലീബായിലും ദൃഷ്ടിയണയ്ക്കുന്നതിനാലും, ഞങ്ങളുടെ നോട്ടം നിന്നിൽ പതിച്ചിരിക്കുന്നതിനാലും ഞങ്ങളുടെ ആശയും ആശ്രയവും എല്ലായ്പ്പോഴും നിന്നിൽ ആകയാലും നീ ഞങ്ങളുടെ രക്ഷിതാവും ഞങ്ങളുടെ ജീവന്റെ വീണ്ടെടുപ്പുകാരനും ആകുന്നുവെന്നു ഞങ്ങൾ അറിഞ്ഞുകൊണ്ടു നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതി കരേറ്റുവാൻ ഞങ്ങളുടെ രോഗങ്ങളെയും വേദന കളെയും നീ സൌഖ്യമാക്കണമെ.

ജ: നീ രക്ഷയുടെ പരിചയെ ഞങ്ങൾക്കു തന്നു. നിന്റെ വലത്തുകൈ ഞങ്ങളെ താങ്ങുകയും നിന്റെ ശാസന ഞങ്ങളെ വളർത്തുകയും ചെയ്യും.

പ: പിശാചിനെയും അവന്റെ ശക്തിയെയും ജയിപ്പാനും ആത്മീയജീവൻ സമ്പാദിപ്പാനുമായി നോമ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ രക്ഷകൻ നമുക്കു ജീവന്റെ കൊടിയെ സ്ഥാപിച്ചു തന്നിരിക്കുന്നു.

ശു: ആകയാൽ കരുണാ സമ്പന്നനായ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിയേണമേ എന്നർത്ഥമുള്ള കുറിയേലായിസ്സോൻ എന്നു ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

* (അല്ലെങ്കിൽ ഗീതം)

പ: ദുഷ്ടാത്മാവിൻ സേനയെ വെ-
ന്നാത്മീയം ജീവൻ നേടാൻ
നോമ്പിൻ നടുവിൽ ജീവദമാം
സ്ലീബായെ രക്ഷകനേകീ
കരുണാസാഗരമാം നാഥാ!
പ്രാർത്ഥിച്ചടിയാരോതുന്നു.

ജ: കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ കുറിയേ-ലായിസ്സോൻ.

വേദവായന:

സംഖ്യ. 21:4-9, കൊരി. 1:18-31

ശ്ലീഹാ:

ഗലാ. 6:11-16

## ഏവൻഗേലിയോൻ:

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: ദൈവമായ കർത്താവ് നിന്റെ ആത്മാവോടുകൂടെ ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ.

(വി. യോഹ. 3:1-17)

പരീശന്മാരുടെ കൂട്ടത്തിൽ യഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കോദേമോസ് എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്ന് അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടു കൂടെയില്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴിയികയില്ല എന്നു പറഞ്ഞു. യേശു അവനോട് ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കോദേമോസ് അവനോട് മനുഷ്യൻ വൃദ്ധ

നായ ശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ എന്നു ചോദിച്ചു. അതിനു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുതു. കാറ്റു ഇഷ്ടമുള്ളിടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതു പോലെ ആകുന്നു എന്നുത്തരം പറഞ്ഞു. നിക്കോദേമോസ് അവനോടു: ഇതു എങ്ങനെ സംഭവിക്കും എന്നു ചോദിച്ചു. യേശു അവനോടു ഉത്തരം പറഞ്ഞതു: നീ ഇസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇതു അറിയുന്നില്ലയോ? ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; ഞങ്ങൾ അറിയുന്നതു പ്രസ്താവിക്കുകയും കണ്ടതു സാക്ഷീകരിക്കുകയും ചെയ്യുന്നു; ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ലതാനും. ഭൂമിയിലുള്ളതു നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ

കയറിയിട്ടില്ല. മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടേതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ.

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

### മഹത്വീകരണം

പ: മാലാഖമാർ ശുശ്രൂഷിക്കുന്ന ദൈവമേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: ക്രോബേന്മാർ വാഴ്ത്തുന്ന ബലവാനേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: സ്രാഫേന്മാർ ശുദ്ധീകരിക്കുന്ന മരണമില്ലാത്തവനെ,

ജ: നീ പരിശുദ്ധനാകുന്നു.

പ: വിശ്വാസമുള്ള സഭയിലെ മക്കളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: ഞങ്ങൾക്കുവേണ്ടി ✠ കുരിശിൽ തൂക്കപ്പെട്ടവനേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

പ: മാലാഖമാർ പുകഴ്ത്തുന്ന ദൈവമേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: ആത്മീയർ ആഘോഷിക്കുന്ന ബലവാനേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: അഗ്നിമയന്മാർ മഹത്വീകരിക്കുന്ന മരണമില്ലാത്തവനെ,

ജ: നീ പരിശുദ്ധനാകുന്നു.

പ: വിശ്വാസമുള്ള സഭയിലെ മക്കളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: ഞങ്ങൾക്കുവേണ്ടി ✠ കുരിശിൽ തൂക്കപ്പെട്ടവനേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

പ: മേലുള്ളവർ സ്തുതിക്കുന്ന ദൈവമേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: മദ്ധ്യേയുള്ളവർ പുകഴ്ത്തുന്ന ബലവാനേ,

ജ: നീ പരിശുദ്ധനാകുന്നു.

പ: താഴേയുള്ളവർ വന്ദിക്കുന്ന മരണമില്ലാത്തവനെ,

ജ: നീ പരിശുദ്ധനാകുന്നു.

പ: വിശ്വാസമുള്ള സഭയിലെ മക്കളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു.

ജ: ഞങ്ങൾക്കുവേണ്ടി ✠ കുരിശിൽ തൂക്കപ്പെട്ടവനേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

പ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

ജ: ഞങ്ങളുടെ കർത്താവേ, കൃപ ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

പ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

ജ: ദൈവമേ, നിനക്കു സ്തുതി.

പ: സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ: പാപികളായ തന്റെ അടിയാരോടു കൃപചെയ്യുന്ന മശിഹാ രാജാവേ, നിനക്കു സ്തുതി, ബാറെക്മോർ

പ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .. ..

ജ: തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ .. ..

### വിശ്വാസപ്രമാണം

(പേജ് - 15)

### പ്രസംഗം

### ഹൂത്താമ്മാ

പ: സത്യ വിശ്വാസികൾക്കു ബലമുള്ള കോട്ടയായും പിശാചുകൾക്ക് ഭയങ്കരമായതും മാലാഖമാർക്ക് ബഹുമാനമുള്ളതുമായ ദൈവപുത്രന്റെ വന്ദ്യമായ സ്ലീബ്വാ-രാപ്പകൽ നമ്മെ കാത്തുമറച്ചു കൊള്ളുമാറാകട്ടെ.

ദുഷ്ട മനുഷ്യരുടെ കോപത്തിൽ നിന്നും - പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയ്യയിൽ നിന്നും - ഉപദ്രവകരമായ അധികാരങ്ങളിൽ നിന്നും - കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽ നിന്നും - രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽ നിന്നും-സാത്താന്റെ കെണിയിൽ നിന്നും - ആത്മാവിനെയും ശരീരത്തെയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും - പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും - കർത്താവു നമ്മെ വിടുവിച്ച് വീണ്ടെടുത്ത് - നമ്മുടെ ആയുഷ്കാലം മുഴുവനും നമ്മെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

## ആശീർവാദം

ഈ വിശുദ്ധ നോമ്പിന്റെ ആരംഭം അനുഗ്രഹിക്കപ്പെട്ടതും അതിന്റെ അവസാനം വാഴ്ത്തപ്പെട്ടതുമായിരിക്കട്ടെ. ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് അതിനെ നിവർത്തിപ്പാനായി നിങ്ങളെ എല്ലാവരെയും താൻ സഹായിക്കുകയും ശക്തീകരിക്കുകയും ചെയ്യുമാറാകട്ടെ. രഹസ്യവും പരസ്യവുമായ ശത്രുക്കളുടെയും വിശ്വാസികളുടെ പ്രതികൂലിയായ സാത്താന്റെയും കെണികളെ നിങ്ങളുടെ മുമ്പിൽ നിന്നു താൻ തകർത്തുകളയട്ടെ. നമ്മുടെ കർത്താവേശുമ്ശിഹാ തന്റെ നോമ്പിന്റെ അന്ത്യത്തിൽ സാത്താനെ തള്ളിയിട്ടു അവനോടു സാത്താനേ, എന്നെ വിട്ടുപോക എന്ന് ആജ്ഞാപിച്ചപ്രകാരം സാത്താന്യ പരീക്ഷകളിൽ നിന്നു നിങ്ങളെ താൻ വിടുവിച്ചു കാത്തുകൊള്ളുമാറാകട്ടെ.

ജ: ആമ്മീൻ.